**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3526

17/12/2015 ൽ മുഖ്യമന്ത്രി മറുപടി നൽകേണ്ടത്

**ഓഫീസുകളിലെ ജോലിഭാരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി |
| (എ) | വിവിധ വകുപ്പുകളിലേയും ഓഫീസുകളിലേയും ജോലി ഭാരത്തെക്കുറിച്ചും ജോലിയുടെ സ്വഭാവത്തെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | പഠനത്തിനായി വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് അതാത് വകുപ്പുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പ്രവൃത്തിപഠനം നടത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ ഉൾപ്പെടെ 23 വകുപ്പുകളിൽ ഇത്തരത്തിൽ പഠനം പൂർത്തിയാക്കുകയും 20 എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. നിലവിൽ 9 വകുപ്പുകളുടെ പഠനം നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ജോലിഭാരമേറിയ ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും ജോലിഭാരം ലഘൂകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) & (ഡി) | പ്രവൃത്തിപഠനത്തിൽ ജോലിഭാരം അധികമാണെന്ന് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനോ, ജോലിഭാരം ലഘൂകരിക്കുന്നതിനോ, ആവശ്യമായ നിർദ്ദേശങ്ങളും, ശുപാർശകളും റിപ്പോർട്ടിൽ ഉൾപ്പെടുത്താറുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ഡി) | ലഭ്യമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | |

S. [signature]

സെക്ഷൻ ഓഫീസർ